# <u>പുൽക്കൂട്ടിലെത്തുന്ന മനുഷ്യത്വത്തിന്റെ നടപ്പാതകൾ</u>
# <u>Varkey Cardinal Vithayathil</u>

ക്രിസ്മസ് പുൽക്കൂടുകൾ എല്ലാവർക്കും സുപരിചിതമാണല്ലോ. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവാണ് പുൽക്കൂടിന്റെ കേന്ദ്രബിന്ദു. ക്രിസ്മസ് പുൽക്കൂട്ടിലേക്ക് നാം കണ്ണോടിച്ചാൽ ഉണ്ണിയേശുവിലേക്ക് നയിക്കുന്ന ഒരുപാട് നടപ്പാതകൾ കാണാൻ സാധിക്കും. ജ്ഞാനികളും, ഇടയന്മാരും, ആടുകളും, സർവ്വജന്തുജീവജാലങ്ങളും ഉണ്ണിയേശുവിന്റെ സവിധത്തിലേക്ക് വരുന്നത് വിവിധ നടപ്പാടകളിലൂടെയാണ്. ഇവരുടെ വഴികളിൽ അവർക്കുള്ള ഏകപ്രതീക്ഷ ദൈവത്തിന് മഹത്വവും സന്മനസുള്ളവർക്ക് സമാധാനവും വിളിച്ചറിയിച്ച് മനുഷ്യനായി പിറന്നുവീണ ദൈവപുത്രനെ കാണുക മാത്രമാണ്. ഈ യാത്രയിൽ കല്ലുകളും, മുള്ളുകളും, മലകളും, താഴ്വരകളുമൊക്കെ നിറഞ്ഞ പാതകൾ അവർക്ക് തടസ്സമായി നില്ക്കുന്നില്ല.

സാമ്പത്തിക പ്രതിസന്ധിയിൽ ലോകരാജ്യങ്ങൾ നട്ടംതിരിയുമ്പോൾ മനുഷ്യന്റെ സ്വാർത്ഥതയുടെ കുറുക്കുവഴിയിലൂടെയുള്ള യാത്രയാണ് ഇതിന്റെ കാരണമായി പറയുന്നത്. ഭീകരാക്രമണങ്ങൾ ലോകജനതയെ മുഴുവൻ അസമാധാനത്തിന്റെയും, അരക്ഷിതാവസ്ഥയുടെയും മാർഗ്ഗത്തിലെത്തിച്ചിരിക്കുന്നു. നമ്മുടെ ഭാരത്തിൽ വർഗീയതയുടെ പേരിൽ ആക്രമണങ്ങൾ അരങ്ങേറുമ്പോൾ നാമൊക്കെ എത്തിനിൽക്കുന്നത് മനുഷ്യത്വത്തിനെതിരെയുള്ള ആക്രമണപാതയിലാണ്. മാധ്യമങ്ങളുടെ ദുഷ്പ്രചരണങ്ങൾ സത്യത്തിന്റെ പാതയിൽനിന്നും മനുഷ്യനെ മാറ്റിനിർത്തുന്നു. ഉപഭാഗസംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ട നമ്മുടെ കുടുംബങ്ങളിൽ ഇന്ന് സ്വസ്ഥതയും, സമാധാനവുമില്ല. നൈമിഷികസുഖങ്ങളുടെ പുറകേയുള്ള പരക്കംപാച്ചിലിൽ ആധുനിക മനുഷ്യൻ എത്തിച്ചേർന്നിരിക്കുന്നത് ആത്മഹത്യയുടെയും, കൊലപാതകത്തിന്റെയും വക്കിലാണ്.

ഈ സാഹചര്യങ്ങൾക്ക് നടുവിലും ക്രിസ്മസ് പുൽക്കൂട് ലാളിത്യത്തിന്റേയും, സഹനത്തിന്റേയും പാതയാണ് നമുക്ക് കാണിച്ചുതരുന്നത്. പുൽക്കൂട്ടിലേക്കുള്ള യാത്ര മനുഷ്യനിലേക്കുള്ള യാത്രയാണ്. മനുഷ്യത്വത്തിലേക്കുള്ള യാത്രയാണ്, ശിശുത്വത്തിലേക്കുള്ള യാത്രയാണ്. നാം നടക്കുന്ന വഴികൾ നമ്മെ കൊണ്ടുചെന്നെത്തിക്കേണ്ടതും ആത്യന്തികമായി മനുഷ്യത്വത്തിലേക്കും, നന്മയിലേക്കുമാണ്. ശിശുക്കളുടെ നിഷ്കളങ്കതയും, ലാളിത്വവും സ്വന്തമാക്കി നേരായതും, വിമലീകരിക്കപ്പെട്ടതുമായ നടപ്പാതകളിലൂടെ നമുക്ക് മുന്നേറാം. സഹനങ്ങളും, പീഡനങ്ങളും എല്ലാം നന്മയിലേക്കുള്ള പാതയിൽ മാർഗ്ഗ തടസ്സങ്ങളായി മാറാം. എന്നാൽ അവയെ ആശ്ലേഷിച്ച് മുന്നേറുമ്പോൾ മനുഷ്യത്വമുള്ള ദൈവികമനുഷ്യരായി നാം മാറും. അധികമാരും നടക്കാൻ ധൈര്യപ്പെടാത്ത പാതയാണ് സഹനങ്ങളുടേത്. നന്മയുടെ നടപ്പാതകളിലൂടെ സഞ്ചരിച്ച് സ്നേഹത്തിന്റേയും, സമാധാനത്തിന്റേയും, പ്രഭ ചൊരിയാൻ നമുക്കേവർക്കും സാധിക്കണം